കാർഷികാവശ്യത്തിനു കുഴിച്ച കുഴൽക്കിണറുകൾ

830 [261]. ശ്രീ. കെ. രാഘവൻ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സായ്വ് മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 1985-86 വർഷത്തിൽ കൃഷിക്കു ജലസേചനം നടത്താനായി ബോർവെൽ കുഴിക്കാനുള്ള എത്ര സർവേ നടത്തി; അതിൻപ്രകാരം എത്ര എണ്ണം കുഴിച്ചു; അവയിൽ പ്രവർത്തനക്ഷമമായവ എത്ര;

(ബി) ഏതെല്ലാം സാങ്കേതിക രീതിയിലുള്ള സർവ്വേകളാണ് ഇതിനായി നടത്തുന്നത്;

(സി) ഏതു സർവ്വേ പ്രകാരമാണ് ഭൂമിക്കടിയിലുള്ള വെള്ളത്തിന്റെ വിതാനം, പാറകളുടെ അടുക്കിന്റെ താഴ്ചയും കനവും മറ്റും കൃത്യമായി കണ്ടുപിടിക്കാൻ സാധിക്കുന്നത്;

(ഡി) സാധാരണ സർവ്വേ നടത്തി പ്രായോഗികമല്ല എന്നു തീരുമാനിക്കുന്നത് ഏതെല്ലാം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്;

(ഇ) ജലസേചനത്തിന്റെ അത്യാവശ്യകത പരിഗണിച്ച് പ്രാദേശിക സർവ്വേ നടത്തി പ്രായോഗികമല്ല എന്നു തീരുമാനിച്ച് കേസുകളിൽ ഒരു വിശദ സർവ്വേ കൂടി നടത്തി പ്രായോഗികത നിർണ്ണയിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1985-86 വർഷത്തിൽ 146 ചതുരശ്ര കിലോമീറ്റർ പ്രദേശത്തിൽ ഭൂഗർഭജലസർവ്വേ നടത്തി. തത്ഫലമായി 647 തുരസ് സായ ജലസേചന കിണറുകൾക്കും 144 ചെറിയ കുഴൽ കിണറുകൾക്കും 296 ഫിൽറ്റർപോയിന്റ് കുഴൽ കിണറുകൾക്കും പറ്റിയ സ്ഥാനങ്ങൾ നിർണയിച്ചുകൊടുത്തു. അതേ സാമ്പത്തിക വർഷത്തിൽ 143 ഷാലോ ബോർവെല്ലും 294 ഫിൽറ്റർ പോയിന്റ് കിണറുകളും കുഴിച്ചു. മേൽപ്പറഞ്ഞ 143 ഷാലോ ബോർ വെല്ലുകളിൽ 110 എണ്ണവും. 291 ഫിൽട്ടർ പോയിന്റ് വെല്ലുകളിൽ 294-ഉം പ്രവർത്തനക്ഷമമായിട്ടുണ്ട്. എന്നാൽ 647 തുരസ് സായ കിണറുകൾ കുഴിക്കാൻ സ്ഥാനം നിർണ്ണയിച്ചതിൽ എത്ര കിണറുകൾ കർഷകർ കുഴിച്ചു എന്നത് അത്ര കൃത്യമായ കണക്കുകൾ ശേഖരിക്കാനുള്ള സംവിധാനത്തിന്റെ അഭാവത്തിൽ അക്കാര്യം വ്യക്തമായി അറിയില്ല.

(ബി) ഉപഗ്രഹ പ്രതിബിംബ ചിത്രങ്ങളുപയോഗിച്ചും, ഏരിയൽ പ്രോഗ്രാമുകളുപയോഗിച്ചും ഉള്ള പഠനങ്ങൾ, ഭൂഗർഭ ശിലാഘടന പഠനങ്ങൾ, ഹൈഡ്രോജിയോളജിക്കൽ മാപ്പിംഗുകൾ, ഭൂഭൗതിക പഠനങ്ങൾ തുടങ്ങിയ ശാസ്ത്രീയ പഠനങ്ങളുടെ അടിസ്ഥാനത്തിലാണ് ഭൂജല പഠനം നിർവ്വഹിക്കുന്നത്.

(സി) മുകളിൽ 'ബി' യിൽ പറഞ്ഞിട്ടുള്ള ഉപാധികളുടെ വെളിച്ചത്തിലുള്ള കൂട്ടുചേർന്ന പഠനങ്ങൾക്കു മാത്രമേ എൺപത്തിയഞ്ചു ശതമാനത്തോളം (85%) കൃത്യമായി ജലവിതാനത്തേയും അതിന്റെ ശേഷിയേയും പറ്റി പ്രവചിക്കാൻ സാധിക്കുകയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) മണ്ണിന്റെയും പാറയുടെയും സ്വഭാവം, വിള്ളലുകളുടെയും ഇൻട്രൂസീവ് പാറകളുടേയും ഘടന, പ്രദേശത്തിന്റെ വായു നീ ചാർജിംഗ് ശേഷി ഇവയുടെ അടിസ്ഥാനത്തിലാണ് തീരുമാനിക്കുന്നത്.

(ഇ) വിപുലമായ പര്യവേഷണം ആവർത്തിച്ചും നടത്തിയതാണ്. എന്നാൽ ഇതിനാവശ്യമായ സാങ്കേതിക ഉദ്യോഗസ്ഥൻമാരുടെ കുറവുമൂലം മുൻഗണന അർഹിക്കുന്നവർക്ക് മാത്രമേ വിശദമായ പഠനം നടത്താൻ ഇപ്പോൾ സാധിക്കുകയുള്ളു.

മന്തു രോഗികൾക്ക്, വികലാംഗർക്ക് നൽകുന്ന ആനുകൂല്യങ്ങൾ നൽകാൻ നടപടി

881 [263] ശ്രീ. വി. ദിനകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മന്തുരോഗികൾക്ക്, വികലാംഗർക്ക് നൽകുന്ന എല്ലാ ആനുകൂല്യങ്ങളും നൽകണമെന്ന ആവശ്യം ഉന്നയിക്കപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവർക്ക് വികലാംഗർക്ക് നൽകുന്ന ആനുകൂല്യം നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ ആവശ്യം കേരളാ ഫൈലേറിയ പേഷ്യൻസ് അസോസിയേഷൻ ഉന്നയിച്ചിട്ടുണ്ട്.

(ബി) മന്തുരോഗികളും വികലാംഗരല്ലാത്തതിനാൽ അവർക്ക് വികലാംഗർക്ക് നൽകുന്ന ആനുകൂല്യങ്ങളും നൽകാൻ നിർവാഹമില്ല.

കിളിമാനൂർ നിയോജക മണ്ഡലത്തിലെ എം. എൽ. എ. റോഡുകൾ

882 [991] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ നിയോജക മണ്ഡലത്തിലെ എം. എൽ. എ. റോഡുകളുടെ പണി എവിടെവരെയായി എന്ന് വ്യക്തമാക്കുമോ;

(ബി) നടപ്പു സാമ്പത്തിക വർഷത്തിൽതന്നെ ഈ റോഡുകൾ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഒന്നാമത്തെ എം എൽ എ റോഡായ പാപ്പാല—പുങ്കൽത്തടം റോഡിന്റെ പണിക്കുള്ള ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. രണ്ടാമത്തെ എം. എൽ. എ. റോഡായ പൊരുന്നമൺ—കല്ലറ റോഡിന്റെ പണിയുടെ 20 ലക്ഷം രൂപ എസ് റ്റിമേറ്റ് തുകയുള്ള ആദ്യഭാഗത്തിന് പ്രത്യേകാനുമതി നൽകുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണ്.

(ബി) മേൽ സൂചിപ്പിച്ച സാഹചര്യങ്ങളാൽ ഇക്കാര്യത്തിലൊരു മറുപടി ഇപ്പോൾ പറയുക പ്രയാസമാണ്.

LIBRARY ARCHIVES Kerala Legislative Assembly